**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6139** | **09-07-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹമാകുന്ന കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിലെ അംഗങ്ങൾക്ക് റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; | (എ) | പരിഷ്കരിച്ചിട്ടുണ്ട്.<br><br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I) **മരണാനന്തര സഹായം**<br><br>1) റിസ്ക് ഫണ്ട് ധനസഹായ തുക – 1,00,000/-<br><br>ഈ പദ്ധതി 2008 ൽ ആരംഭിച്ചെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ, പരമാവധി 1,00,000/- രൂപയും മരണതീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ട് ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കിവരുന്നു.<br><br>2) റിസ്ക് ഫണ്ട് ധനസഹായ തുക – 1,50,000/-<br><br>30.03.2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,50,000/- രൂപയും മരണതീയതി വരെയുള്ള പലിശയും ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.<br><br>3) റിസ്ക് ഫണ്ട് ധനസഹായ തുക – 2,00,000/-<br><br>24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,50,000/- രൂപയിൽ നിന്നും 2,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 2,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു. |

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്രവായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

4) <u>റിസ്ക് ഫണ്ട് ധനസഹായ തുക – 3,00,000/-</u>

11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 3,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

**<u>II) മാരകരോഗം</u>**

1) <u>ചികിത്സാ ധനസഹായ തുക – 75,000/-</u>

ഈ പദ്ധതിയുടെ ആനുകൂല്യം 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനില്പോ പരമാവധി 75,000/- രൂപയോ നല്കിവരുന്നു.

മാരകരോഗങ്ങളിൽ 29.02.2016 തീയതി മുതൽ ടി.ബി, ലിവർ സിറോസിസ് എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

2) <u>ചികിത്സാ ധനസഹായ തുക –1,00,000/-</u>

24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 75,000/- രൂപയിൽ നിന്നും 1,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

മാരകരോഗങ്ങളിൽ 24.09.2019 തീയതി മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം

| | | | |
|---|---|---|---|
| | | | ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ചു മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റി വെക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.<br><br>3) ചികിത്സാ ധനസഹായ തുക –1,25,000/-<br><br>11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,25,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,25,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.<br><br>4) ഓരോ വായ്പതുകയിൽ നിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിത തുക 0.5 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 1,000/- രൂപയും എന്നത് 0.7 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 2,000/- രൂപയും ആയതിന്റെ ജി.എസ്.റ്റിയും എന്നാക്കി വർദ്ധിപ്പിച്ചു.<br><br>5) പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പാതുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ഭേദഗതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണ് എന്നും പരിഷ്കരിച്ചു.<br><br>6) റിസ്ക് ഫണ്ട് നിയമാവലിയിലെ 27.09.2023 ലെ ഭേദഗതിയിലൂടെ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പാതുക അടിസ്ഥാനപ്പെടുത്തി വർദ്ധിപ്പിച്ച നിരക്കിലുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കി 10.04.2023 തീയതി മുതൽ എട്ട് മാസത്തിനുള്ളിൽ അടച്ച് പദ്ധതിയിൽ ചേർക്കാവുന്നതാണ് എന്നും പരിഷ്കരിച്ചു. |
| (ബി) | ഏതെല്ലാം വിഭാഗത്തിലാണ് റിസ്ക്ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നത് എന്നറിയിക്കാമോ; | (ബി) | പരിഷ്കരിച്ചിട്ടുണ്ട്.<br><br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I) **മരണാനന്തര സഹായം**<br><br>1) റിസ്ക് ഫണ്ട് ധനസഹായ തുക – 1,00,000/-<br><br>ഈ പദ്ധതി 2008 ൽ ആരംഭിച്ചെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ |

ബാക്കിനിൽപ്പോ, പരമാവധി 1,00,000/- രൂപയും മരണതീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ട് ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കിവരുന്നു.

2) <u>റിസ്ക് ഫണ്ട് ധനസഹായ തുക – 1,50,000/-</u>

30.03.2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,50,000/- രൂപയും മരണതീയതി വരെയുള്ള പലിശയും ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

3) <u>റിസ്ക് ഫണ്ട് ധനസഹായ തുക – 2,00,000/-</u>

24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,50,000/- രൂപയിൽ നിന്നും 2,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 2,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്രവായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

4) <u>റിസ്ക് ഫണ്ട് ധനസഹായ തുക – 3,00,000/-</u>

11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 3,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

**<u>II) മാരകരോഗം</u>**

1) <u>ചികിത്സാ ധനസഹായ തുക – 75,000/-</u>

ഈ പദ്ധതിയുടെ ആനുകൂല്യം 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ

രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കിനില്പോ പരമാവധി 75,000/- രൂപയോ നല്കിവരുന്നു.

മാരകരോഗങ്ങളിൽ 29.02.2016 തീയതി മുതൽ ടി.ബി, ലിവർ സിറോസിസ് എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

2) <u>ചികിത്സാ ധനസഹായ തുക –1,00,000/-</u>

24.09.2019 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 75,000/- രൂപയിൽ നിന്നും 1,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,00,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

മാരകരോഗങ്ങളിൽ 24.09.2019 തീയതി മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ചു മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റി വെക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നീ അസുഖങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

3) <u>ചികിത്സാ ധനസഹായ തുക –1,25,000/-</u>

11.10.2022 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,25,000/- രൂപയാക്കി വർദ്ധിപ്പിച്ചു. അപ്രകാരം പരമാവധി 1,25,000/- രൂപയുടെ ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്കു വിധേയമായി നല്കി വരുന്നു.

4) ഓരോ വായ്പതുകയിൽ നിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിത തുക 0.5 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 1,000/- രൂപയും എന്നത് 0.7 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 2,000/- രൂപയും ആയതിന്റെ ജി.എസ്.റ്റിയും എന്നാക്കി വർദ്ധിപ്പിച്ചു.

5) പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെ അർഹതയ്ക്ക് വിധേയരായി

| | | | |
|---|---|---|---|
| | | | ബാക്കിനിൽപ്പ് വായ്പാതുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ഭേദഗതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണ് എന്നും പരിഷ്കരിച്ചു.<br><br>6) റിസ്ക് ഫണ്ട് നിയമാവലിയിലെ 27.09.2023 ലെ ഭേദഗതിയിലൂടെ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പാതുക അടിസ്ഥാനപ്പെടുത്തി വർദ്ധിപ്പിച്ച നിരക്കിലുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കി 10.04.2023 തീയതി മുതൽ എട്ട് മാസത്തിനുള്ളിൽ അടച്ച് പദ്ധതിയിൽ ചേർക്കാവുന്നതാണ് എന്നും പരിഷ്കരിച്ചു. |
| (സി) | സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്ത അംഗം മരണമടഞ്ഞാൽ ആറ് മാസത്തിൽ താഴെ കുടിശികയുള്ളവർക്കുമാത്രമാണ് റിസ്ക്ഫണ്ടിൽ നിന്നുള്ള ധനസഹായം ലഭിക്കുകയുള്ളൂ എന്ന നിർദേശം പരിഷ്കരിക്കുന്നതിനും ചുരുങ്ങിയത് ഒരു വർഷക്കാലമെങ്കിലുമായി മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ